Draft #78 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 29-Mar-2022 05:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 | തീയതി: 29.03.2022

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല ഭരണം: സർവ്വകലാശാലയിലെ കോവിഡ്- 19 രോഗം ബാധിച്ച ജീവനക്കാരുടെ സ്പെഷ്യൽ ലീവ് ഫോർ കോവിഡ് -19 അനുവദിച്ചുകൊണ്ടുള്ള പരിപത്രം ഭേദഗതി വരുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :- കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 16.03.2022 തീയതിയിലെ സ.ഉ.(സാധാ) നം. 264/2022/DMD നമ്പർ ഉത്തരവ്.

-------------

സംസ്ഥാനത്ത് കോവിഡ്/ഒമൈക്രോൺ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ, സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കോവിഡ് പോസിറ്റീവ് ആയാൽ സ്പെഷ്യൽ ലീവ് ഫോർ കോവിഡ്-19 അനുവദിക്കാമെന്ന് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, ആയത് സർവകലാശാലയിലും നടപ്പിൽ വരുത്തിക്കൊണ്ട് പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചുകൊണ്ട് സർക്കാർ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിരുന്ന ഉത്തരവുകളിൽ ഭേദഗതി വരുത്തിക്കൊണ്ട് മേൽ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ 16.03.2022 മുതൽ നടപ്പിൽ വരുത്തിക്കൊണ്ട്, പരിപത്രം പുറപ്പെടുവിക്കുന്നു.

- കോവിഡ് പോസിറ്റീവ് ആയ, വർക്ക് ഫ്രം ഹോം ഫെസിലിറ്റി ഉള്ള ജീവനക്കാർക്ക് സ്പെഷ്യൽ ലീവ് ഫോർ കോവിഡ് -19 ഒഴിവാക്കി 7 ദിവസം വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്.
- വർക്ക് ഫ്രം ഹോം ലഭ്യമല്ലാത്ത ജീവനക്കാർക്ക് 5 ദിവസത്തെ സ്പെഷ്യൽ ലീവ് ഫോർ കോവിഡ് -19 അനുവദിക്കാം (അവധി ദിവസങ്ങൾ ഉൾപ്പെടെ). അഞ്ചു ദിവസം കഴിഞ്ഞു ആന്റിജൻ ടെസ്റ്റ് നടത്തി നെഗറ്റീവ് ആയാൽ സാമൂഹിക അകലം അടക്കമുള്ള എല്ലാ കോവിഡ് പ്രോട്ടോക്കോളുകളും കൃത്യമായി പാലിച്ച് ഓഫീസിൽ ഹാജരാകണം. അഞ്ചു ദിവസം കഴിഞ്ഞു നെഗറ്റീവ് ആയില്ലെങ്കിൽ അടുത്ത രണ്ടു ദിവസം മറ്റ് എലിജിബിൾ ലീവ് എടുത്ത ശേഷം ഓഫീസിൽ ഹാജരാകേണ്ടതാണ്

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ

2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #78 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 29-Mar-2022 05:34 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം